# കേരള സർവകലാശാല

നം.പി.ആർ.193/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പ്രോജക്റ്റ് വൈവ

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ യോഗാ തെറാപ്പി കോഴ്സ് ഈവനിംഗ് ബാച്ചിന്റെ പ്രോജക്റ്റ് റിപ്പോർട്ട് പിഴ കൂടാതെ നവംബർ 30 വരെയും 100 രൂപ പിഴയോടെ ഡിസംബർ 5 വരെയും സമർപ്പിക്കാം. ഈവനിംഗ് ബാച്ചിന്റെയും ഒക്ടോബർ 26 ന് നടത്താനിരുന്ന മോർണിംഗ് ബാച്ചിന്റെയും വൈവ ഡിസംബർ 12 ലേക്ക് മാറ്റിയിരിക്കുന്നു.

### ഓൺലൈൻ അഡ്മിഷൻ

കാര്യവട്ടം എൽഎൻസിപിഇ 2018–19 അദ്ധ്യയന വർഷത്തിലേക്കുള്ള ബിപിഎഡ് (2 വർഷം) ഡിഗ്രി പ്രവേശനത്തിനുള്ള ഓൺലൈൻ അഡ്മിഷന് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 17 . വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### രജിസ്ട്രേഷൻ

കായിക പഠന വകുപ്പ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ പൊതു ജനങ്ങൾക്കായി മാസംതോറും സംഘടിപ്പിച്ചു വരുന്ന യോഗ പരിശീലന പരിപാടിയുടെ സെപ്റ്റംബർ മാസത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. അപേക്ഷ ഫോം ജി.വി രാജ പവലിയനിൽ പ്രവർത്തിക്കുന്ന കായിക പഠന വകുപ്പ് ഓഫീസിൽ നിന്നും 10 AM മുതൽ 5 PM വരെ ലഭിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് 8921507832/0471 – 2306485 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

### ടൈംടേബിൾ

2018 സെപ്റ്റംബർ 24 ന് ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ വിദൂരവിദ്യാഭ്യാസം ബി.ബി.എ (2013 & 2014 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

### പരീക്ഷാഫീസ്

എൽ.എൽ.ബി (2011 – 12 അഡ്മിഷന് മുൻപ്) അഞ്ചാം സെമസ്റ്റർ (ത്രിവത്സരം), ഒൻപതാം സെമസ്റ്റർ (പഞ്ചവത്സരം) പരീക്ഷകൾ സെപ്റ്റംബർ 28 നും മൂന്നാം സെമസ്റ്റർ (ത്രിവത്സരം), ഏഴാം സെമസ്റ്റർ (പഞ്ചവത്സരം) പരീക്ഷകൾ ഒക്ടോബർ 12 നും ആരംഭിക്കുന്നതാണ്.

പരീക്ഷകൾക്ക് പിഴ കൂടാതെ സെപ്തംബർ 10 വരെയും 50 രൂപ പിഴയോടു കൂടി സെപ്തംബർ 12 വരെയും 125 രൂപ പിഴയോടു കൂടി സെപ്തംബർ 14 വരെയും അപേക്ഷിക്കാം.

മേഴ്സി ചാൻസ് വിദ്യാർത്ഥികൾ ത്രിവത്സരം (2007, 2008, 2009 അഡ്മിഷനുകൾ), പഞ്ചവത്സരം (2005, 2006, 2007 അഡ്മിഷനുകൾ) പരീക്ഷാ ഫീസിന് പുറമേ 2000 രൂപ മേഴ്സി ചാൻസ് ഫീസിനത്തിലും 200 രൂപ സി. വി. ക്യാംപ് ഫീസിനത്തിലും, ത്രിവത്സരം (2004, 2005, 2006 അഡ്മിഷനുകൾ), പഞ്ചവത്സരം (2002, 2003, 2004 അഡ്മിഷനുകൾ) പരീക്ഷാ ഫീസിന് പുറമെ 5000 രൂപ മേഴ്സി ചാൻസ് ഫീസിനത്തിലും 200 രൂപ സി. വി. ക്യാംപ് ഫീസിനത്തിലും അടയ്ക്കേണ്ടതാണ്.

## സീറ്റൊഴിവ്

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന 'സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്' കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. യോഗ്യത: പ്രീഡിഗ്രി/പ്ലസ്ടു, കോഴ്സ് ഫീസ്: 7500 രൂപ, കോഴ്സ് കാലാവധി: 6 മാസം, ക്ലാസ്: ശനി, ഞായർ ദിവസങ്ങളിൽ മാത്രം, സമയം: രാവിലെ 10 മുതൽ വൈകിട്ട് 4 pm വരെ. പ്രായപരിധി ഇല്ല. താല്പര്യമുള്ളവർ പി.എം.ജി ജംഗ്ഷനിലെ CACEE കേന്ദ്രത്തിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫോട്ടോകോപ്പിയും ഫീസുമായി ഹാജരാകുക. അവസാന തീയതി സെപ്റ്റംബർ 7.

## പരീക്ഷാഫലം

2018 ജനുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ.

## പി.എച്ച്.ഡി നൽകി

രേഷ്മ എൽ.ആർ, ഹരിപ്രസാദ് എസ്. (കെമിസ്ട്രി), നിഷ പി. (ബയോകെമിസ്ട്രി), ലിജി.എൽ (ഹിന്ദി)

തിരുവനന്തപുരം.
31.08.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098